"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - വി.എച്ച്.എസ്.ഇ മുൻ ഡയറക്ടറായിരുന്ന ശ്രീ. മോഹൻ എബ്രഹാമിനെതിരെ സ്വീകരിച്ചു വന്ന അച്ചടക്ക നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.4320/2026/GEDN** തീയതി,തിരുവനന്തപുരം, **01-07-2026**

---

പരാമർശം:-

1. **2010** മാർച്ച് **31** ന് അവസാനിച്ച സാമ്പത്തിക വർഷത്തെ **C&AG** റിപ്പോർട്ടിലെ ശിപാർശ
2. ശ്രീ. മോഹൻ എബ്രഹാമിന് നല്കിയ **04/12/2023** ലെ **GE-DA1/5/2023-G.EDN** നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3. **22/02/2025**ലെ സ. ഉ. (സാധാ) നം. **1526/2025/GEDN** നം. ഉത്തരവ്
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള **26/04/2025** ലെ വി. എച്ച്. എസ്. ഇ./**787/2025**-ഇ4 നമ്പർ റിപ്പോർട്ട്
5. ശ്രീ. മോഹൻ എബ്രഹാമിന് നല്കിയ **26/08/2025** ലെ **GE-DA1/5/2023-G.EDN** നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. ശ്രീ. മോഹൻ എബ്രഹാം **10/10/2025** ൽ സമർപ്പിച്ച മറുപടി
7. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള **16/01/2026** ലെ വി. എച്ച്. എസ്. ഇ./**787/2025**-ഇ4 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

വി.എച്ച്.എസ്.സി മുൻ ഡയറക്ടർ ശ്രീ.മോഹൻ ഏബ്രഹാമിനെതിരായി **2010** മാർച്ച് **31** ന് അവസാനിച്ച സാമ്പത്തിക വർഷത്തെ **C&AG** റിപ്പോർട്ടിൽ ചുവടെ ചേർക്കുന്ന പരാമർശമുണ്ടായിരുന്നു.

***(i) Grant of Scale of Pay instead of Consolidated Pay to 165 GFC Teachers in Vocational Higher Secondary Education having work load below 6 hours per week led to extra expenditure of Rs. 2.83 crore towards their salary and allowances.***

2) ടി അധികച്ചെലവിന് ഉത്തരവാദിയായ അന്നത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യുക്കേഷൻ ഡയറക്ടർ ശ്രീ.മോഹൻ എബ്രഹാമിനെതിരെ **1960**ലെ കെഎസ്സി(സിസി&എ) റൂൾസ് അനുസരിച്ച് നടപടിയെടുക്കാൻ ശിപാർശ ചെയ്തിരുന്നു. അതിൻ പ്രകാരം ശ്രീ.മോഹൻ ഏബ്രഹാമിനെതിരെ നടപടി ആരംഭിക്കുകയും ചെയ്തു. **KCS(CC&A) 1960 Rule15** പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചെങ്കിലും ടിയാൾ **30/11/2012**-ൽ സർവീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ടിയാൾക്കെതിരെ കെ.എസ്.ആർ. പാർട്ട് **III** ചട്ടം **59(d)** പ്രകാരം പുതിയ കാരണം കാണിക്കൽ നോട്ടീസ് പരാമർശം **(2)** പ്രകാരം നൽകിയിരുന്നു.

**3)04/12/2023**-ന് നൽകിയ ടി കാരണം കാണിക്കൽ നോട്ടീസിന് നാളേറെ കഴിഞ്ഞിട്ടും മറുപടി സമർപ്പിക്കാത്തതിനാൽ ടിയാനെതിരെ കെ.എസ്.ആർ. ഭാഗം **III** ചട്ടം **59(d)** പ്രകാരമുള്ള അച്ചടക്ക നടപടി തുടരുവാൻ തീരുമാനിക്കുകയുണ്ടായി. ടി അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് ശ്രീമതി.ഷീന. എം.എസ് സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ **VHSE** (ജോയിൻറ് സെക്രട്ടറി ടു ഗവൺമെൻറ്) നെ പരാമർശം **(3)** പ്രകാരം ചുമതലപ്പെടുത്തുകയുണ്ടായി.

4) പരാമർശം **(4)** പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് പ്രകാരം **6** മണിക്കൂറിൽ താഴെ ജോലിഭാരമുള്ള **GFC** കോഴ്സ് ഉള്ള സ്കൂളുകളിൽ ശമ്പള സ്കെയിലിൽ **junior** ടീച്ചർമാരെ നിയമിച്ചതു വഴി സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെന്നു കണ്ടെത്തിയതിനെത്തുടർന്നു വി.എച്ച്.എസ്.സി മുൻ ഡയറക്ടർ ശ്രീ.മോഹൻ ഏബ്രഹാമിനെതിരെ കെ.എസ്.ആർ. ഭാഗം **III** റൂൾ **59 (d)** പ്രകാരം അച്ചടക്കനടപടി തുടരുവാൻ തീരുമാനമെടുത്ത് ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്ന് **1000** രൂപ വീതം കുറവുചെയ്യാൻ താൽക്കാലിക തീരുമാനം എടുത്ത് പരാമർശം **(5)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി കാരണം കാണിക്കൽ നോട്ടീസിന് കുറ്റാരോപിതൻ പരാമർശം **(6)** പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു.

**6)**തുടർന്നു പൊതുവിദ്യാഭ്യാസ (ഡി എ) വകുപ്പ് അണ്ടർ സെക്രട്ടറി **16/01/2026**-ന് ടിയാനെ ഓൺലൈനായി നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗിൽ പങ്കെടുത്തവരുടെ വാദഗതികൾ ചുവടെ ചേർക്കുന്നു.

**i).** ശ്രീ മോഹൻ ഏബ്രഹാം

വൊക്കേഷണൽ ഹയർസെക്കൻററി വിഭാഗത്തിൽ ഡയറക്ടർ തസ്തികയിൽ രണ്ട് തവണയായി 3/2001 മുതൽ 9/2004 വരെയും 7/2007 മുതൽ 10/2010 വരെയുമാണ് സേവനമനുഷ്ഠിച്ചിട്ടുള്ളത്. കേരള വൊക്കേഷണൽ ഹയർ സെക്കൻ്ററി വിദ്യാഭ്യാസ ഡയറക്ടർ തസ്തികയിൽ നിന്നും എന്നെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെന്ററിന്റെ ഡയറക്ടറായി നിയമിക്കുകയും, 10/2010 മുതൽ 30-11-2012 ൽ ഞാൻ സർവ്വീസിൽ നിന്നും വിരമിക്കുന്നതുവരെ പ്രസ്തുത സ്ഥാപനത്തിൽ ഡയറക്ടറായി സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുള്ളതാണ്.

b) കംപ്ട്രോളർ & ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിനെ അധികരിച്ച് എനിക്ക് 2-7-2012 ൽ നൽകിയ 22106/എൽ.1/2012/ഉ.വി.വ. നമ്പരിലുള്ള ആരോപണ പത്രികയിൽ 2008 ജൂൺ മുതൽ 2010 ജൂൺ വരെയുള്ള കാലയളവിൽ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ഒരാഴ്ചയിൽ 6 മണിക്കൂറിൽ താഴെ ജോലിഭാരമുള്ളവർക്ക് സമാഹൃത തുകയാണ് വേതനമായി നൽകേണ്ടിയിരുന്നതെങ്കിലും അതിന് വിരുദ്ധമായി 2004 ൽ നിലവിൽ വന്ന വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഞാൻ ദുർവ്യാഖ്യാനം ചെയ്ത് ഒഴിവുകൾ കണ്ടെത്തി നിയമനം നടത്തിയ സാഹചര്യത്തിൽ 12.3.2004 പ്രാബല്യത്തിൽ ഭേദഗതി വരുത്തി 2010 ൽ ഉത്തരവ് പുറപ്പെടുവിച്ചു എന്നും ചട്ടങ്ങൾ ദുർവ്യാഖ്യാനം ചെയ്തതിനാൽ അദ്ധ്യാപകർക്ക് ശമ്പളം നൽകേണ്ടിവന്ന ഇനത്തിൽ 2.83 കോടി രൂപ നഷ്ടപ്പെട്ടതിന് ഉത്തരവാദി ഞാനാണെന്നും അതിനാൽ എനിക്കെതിരെ കഠിനശിക്ഷ നൽകുന്നതിന് അച്ചടക്ക നടപടി സ്വീകരിക്കേണ്ടി വന്നിരിക്കുന്നു എന്നുമാണ് അറിയിച്ചത്. പ്രസ്തുത നോട്ടീസിന് ഞാൻ 9-2-2012 ൽ വിശദമായ മറുപടി നൽകിയിട്ടുള്ളതാണ്.

c) ഇന്ത്യൻ ആഡിറ്റ് & അക്കൗണ്ട്സ് ഡിപ്പാർട്ടുമെന്റിന്റെ 23-7-2010 ലെ (Civil)/II/DP/22/2010-11/33 നമ്പർ ഡ്രാഫ്റ്റ് പാരയിൽ താഴെപ്പറയുന്ന നിരീക്ഷണമാണ് നടത്തിയിട്ടുള്ളത്:

**"Omission on the part of Government to include a specific clause in Kerala Vocational Higher Secondary Education State & Subordinate Service Rules, 2004 governing General Foundation Course teachers having work load less than 6 hours per week resulted in grant of Scale of Pay to 124 such teachers instead of consolidated pay leading to extra expenditure of Rs.1.98 Crores towards their salary and allowances".**

d) കൺട്രോളർ & ആഡിറ്റർ ജനറലിന്റെ നിരീക്ഷണത്തിൽ നിന്നും സ്പെഷ്യൽ റൂൾ തയ്യാറാക്കി അന്തിമമായി അംഗീകരിച്ചപ്പോൾ സർക്കാരിന്റെ ഭാഗത്തുനിന്നുമാണ് വീഴ്ച ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാണ്. അതിനാൽ എന്റെ ഭാഗത്ത് വീഴ്ച ഉണ്ടായി എന്ന ആരോപണം സാമാന്യ നീതി നിഷേധമാണ്. സർക്കാർ 12-3-2004 ൽ അംഗീകരിച്ച് പ്രസിദ്ധീകരിച്ച ജി.ഒ.(പി) 81/2004/പൊ.വി. (എസ്.ആർ.ഒ.247/2004) വിശേഷാൽ ചട്ടങ്ങളിലെ

ചട്ടം 2 കീഴേയുള്ള വിശദീകരണം താഴെ ഉദ്ധരിച്ച വിധം വായിക്കാവുന്നതാണ്.

**Explanation: Non-Vocational Teacher (Junior) means post having work load of 15 hours per week per subject.**

e) നിലവിലെ എക്സിക്യൂട്ടീവ് ഉത്തരവുകളെല്ലാം അസാധുവാക്കി വിജ്ഞാപനം ചെയ്ത വിശേഷാൽ ചട്ടങ്ങളിൽ മുകളിൽ ഉദ്ധരിച്ച വിശദീകരണം ഞാൻ ദുർവ്യാഖ്യാനം ചെയ്താണ് ഒഴിവുകൾ കണ്ടെത്തിയതെന്ന ആരോപണ പത്രികയിലെ പരാമർശം അതിനാൽ തന്നെ നിയമപരമായി നിലനിൽക്കുന്നതല്ല. ആരോപണ പത്രികയ്ക്ക് 9-7-2012 ൽ നൽകിയ മറുപടിയെ ആസ്പദമാക്കി സർക്കാർ എന്ത് തീരുമാനമെടുത്തു എന്ന് നാളിതുവരെ അറിയിച്ചിട്ടില്ല.

f) 12-3-2004 ൽ പുറപ്പെടുവിച്ച വിശേഷാൽ ചട്ടങ്ങളിൽ യാതൊരു അവ്യക്തതയും ഇല്ലാതെയാണ് ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്തതെന്നും 17-6-2006 ൽ ഡയറക്ടർ സർക്കാരിന് അയച്ച ഇ5-1480/2006 നമ്പർ കത്തിന് 7-7-2006 ൽ സർക്കാർ നൽകിയ 27086/എസ്.സി2/2006/പൊ.വി.വ നമ്പർ കത്തിലും ജൂനിയർ ടീച്ചർമാരായി 15 മണിക്കൂർ വരെ ജോലിഭാരമുള്ളവർക്ക് ശമ്പളനിരക്ക് അനുവദിക്കാമെന്ന് സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടെന്നുള്ളതിനാൽ ഞാൻ വിശേഷാൽചട്ടങ്ങൾ പാലിച്ചാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് ബോദ്ധ്യപ്പെടാവുന്നതാണ്.

g) കംട്രോളർ & ആഡിറ്റർ ജനറലിൻ്റെ ഡ്രാഫ്റ്റ് പാരാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എനിക്കെതിരെ അഴിമതി നിരോധന നിയമ പ്രകാരം അന്വേഷണം നടത്തി സമർപ്പിച്ച വിജിലൻസ് വകുപ്പിൻ്റെ അന്തിമ അന്വേഷണ റിപ്പോർട്ടിൽ 26-9-1995 ലെ ജി.ഒ (എം.എസ്)460/95/പൊ.വിവ നമ്പർ സർക്കാർ ഉത്തരവിലെ വ്യവ സ്ഥകൾ ഉല്ലംഘിച്ചാണ് (Supercede) സർക്കാർ ജി.ഒ. (പി) 81/2004/പൊ.വി.വ നമ്പരിൽ വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിച്ചതെന്നും അതിനെ ആധാരമാക്കിയാണ് നിയമനാധികാരിയായ ഡയറക്ടർ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നും വ്യക്തമാണെന്നതിനാൽ ആരോപിതനായ എന്റെ പേരിൽ ക്രിമിനിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാൻ മതിയായ കാരണമൊന്നുമില്ലെന്നും 15-12-2020 ലെ വിധിയിൽ കോടതി വ്യക്തമാക്കിയിട്ടുണ്ട്.

h) പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി 20-11-2013 ൽ നേരിൽ കേട്ട് 10 വർഷം കഴിഞ്ഞ് പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി ഗീതാ ഗോപിനാഥ് എനിക്ക് 4-12-2023 ൽ GE-DA1/5/2023-G.Edn. നമ്പരിൽ നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ "2010 മാർച്ച് 31 അവസാനിച്ച വർഷത്തിലെ The C&AG Report, Para No.2.2.2 in Audit Report (Civil) (Report No.2) ൽ വൊക്കേഷണൽ ഹയർ

സെക്കൻഡറി വിദ്യാഭ്യാസ വിഭാഗത്തിൽ ആഴ്ചയിൽ 6 മണിക്കൂറിൽ താഴെ ജോലിഭാരമുള്ള 165 ജി.എഫ്.സി. അധ്യാപകർക്ക് ഏകീകൃത ശമ്പളത്തിനുപകരം ശമ്പള സ്കെയിൽ നൽകിയത് വഴി 2.83 കോടി രൂപ അവരുടെ ശമ്പളത്തിനും അലവൻസിനുമായി സർക്കാർ ഖജനാവിൽ നിന്നും അധികമായി ചെലവഴിച്ചു എന്ന് കണ്ടെത്തിയിട്ടുണ്ട് എന്നും, ഇത് വി.എച്ച്.എസ്.ഇ. ഡയറക്ടറായിരുന്ന എന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ചയും തികഞ്ഞ അനാസ്ഥയും കൃത്യവിലോപവുമായി സർക്കാർ കാണുന്ന സാഹചര്യത്തിൽ സർവ്വീസിൽ നിന്നും വിരമിച്ച എനിക്കെതിരെ കെ.എസ്.ആർ. പാർട്ട് III റൂൾ 59(d) പ്രകാരമുള്ള ശിക്ഷാ നടപടികൾ എടുക്കാതിരിക്കുവാൻ മതിയായ കാരണമുണ്ടെങ്കിൽ ആയത് നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം പ്രതിവാദ പത്രിക സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ച കാലാവധിയ്ക്കുള്ളിൽ എൻ്റെ പ്രതിവാദ പത്രിക ലഭിക്കുന്നില്ലായെങ്കിൽ എനിക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലായെന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നുമാണ് അറിയിച്ചത്.

i) KSR Part III ചട്ടം 59 ഉപചട്ടം (c) (d) എന്നീ വ്യവസ്ഥയുടെ ബലത്തിൽ ചട്ടം 59 (b) റൂളിംഗ് 3 പ്രകാരമുള്ള നടപടിയാണ് സ്വീകരിക്കേണ്ടത് എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഒരേ കാര്യത്തിൽ എനിക്കെതിരെ 4-12-2023,26-8-2025 എന്നീ തീയതികളിൽ രണ്ട് കാരണം കാണിക്കൽ നോട്ടീസുകളാണ് നൽകിയിട്ടുള്ളത്. കെ.എസ്.ആർ. പാർട്ട് III ചട്ടം 59(d) പ്രകാരമാണ് നടപടിയെന്ന് 4-12-2023 ലെ ഡിഎ1/5/2023/പൊ.വി.വ. നമ്പർ കാരണംകാണിക്കൽ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

j) കെ.എസ്.ആർ. പാർട്ട് 3 ചട്ടം 59 ൽ (സി), കെ.എസ്.ആർ. പാർട്ട് III ചട്ടം 59(d) എന്നിവ താഴെ ഉദ്ധരിക്കുംവിധം ആയതിനാൽ കെ.എസ്.ആർ. പാർട്ട് 3 ചട്ടം 59(സി) പ്രകാരം വിരമിച്ച ജീവനക്കാരനെതിരെ നടപടി സ്വീകരിക്കാവുന്നതാണ്.

*59(സി): സർവ്വീസിൽ നിന്നും വിരമിച്ച പെൻഷണർ കുറ്റക്കാരനാണെന്ന് വിരമിച്ചശേഷം വകുപ്പുതല നടപടിയിലൂടെയോ കോടതി നടപടിയിലൂടെയോ കണ്ടെത്തിയാൽ പെൻഷനറിൽ നിന്നും പെൻഷൻ മുഴുവനായോ ഭാഗികമായോ കെ.എസ്.ആർ. പാർട്ട് 3 ചട്ടം 59(എ) അനുസരിച്ച് അനുവദിച്ച പെൻഷൻ തടയാം.*

*59(d): ഒരു ജീവനക്കാരന്റെ സർവ്വീസ് കാലയളവിലുണ്ടായ വീഴ്ചകൾക്ക് അച്ചടക്കനടപടി സ്വീകരിക്കാനാവാതിരുന്ന കേസുകളിൽ വിരമിച്ചശേഷം കെ.എസ്.ആർ. പാർട്ട് III ചട്ടം 3(ബി) ക്ലാസ് (ii) ലെ നിബന്ധനകൾക്കനുസരിച്ച് നടപടി സ്വീകരിക്കാൻ കഴിയാതിരിക്കുകയും കെ.എസ്.ആർ. പാർട്ട് 3 ചട്ടം 59(എ) പ്രകാരം സർവ്വീസ് തൃപ്തികരമാണെന്ന ധാരണയിൽ പെൻഷൻ വാങ്ങിയവർക്കെതിരെ കെ.എസ്.ആർ. പാർട്ട് 3 ചട്ടം 59(സി) പ്രകാരം നടപടി സ്വീകരിക്കാം*

**k)** ഒരു ജിവനക്കാരന്റെ സർവ്വീസ് തൃപ്തികരമല്ലെന്ന് കണ്ടാൽ കെ.എസ്.ആർ. പാർട്ട് 3 ചട്ടം 59(ബി) അനുസരിച്ച് പെൻഷൻ തടയാമെന്ന വ്യവസ്ഥ വിരമിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നേടിയ പെൻഷണർമാരുടെ കാര്യത്തിലും ബാധകമാണെന്ന് ചട്ടം 59(സി) (ഡി) വ്യവസ്ഥകളിൽ നിന്നും സർവ്വീസ് തൃപ്തികരമാണെന്ന ധാരണയിൽ പെൻഷൻ അനുവദിച്ചെങ്കിലും വകുപ്പ് നടപടിമൂലമോ കോടതി നടപടി മൂലമോ കുറ്റക്കാരനെന്ന് കണ്ടെത്തിയാൽ പെൻഷനിൽ കുറവ് വരുത്താമെന്നാണ് പാർട്ട് 3 ചട്ടം 59(സി) വ്യക്തമാക്കുന്നത്.

**l)** കെ.എസ്.ആർ.ചട്ടം 59 റൂളിംഗ് 3 താഴെ ഉദ്ധരിക്കുംവിധമാണ്.

**Though Rule 59(d) does not provide for an enquiry before taking action, the person affected may be given an opportunity of being heard to satisfy the principles of natural justice. A detailed enquiry is not necessary for reducing pension, under this rule. But before ordering a reduction of pension the employee concerned may be given an opportunity to explain and vindicate himself as for instance when irregularities are detected after retirement and department proceedings are not feasible under Rule 3 Part III KSR.**

**m)** 4-12-2023 ൽ നൽകിയ ഡി.എ1/5/2023/പൊവിവ നമ്പർ കാരണംകാണിക്കൽ നോട്ടീസിന് വിശദമായ മറുപടി സമർപ്പിക്കാൻ 2013 ലെ ഫയൽ രേഖകൾ ആവശ്യപ്പെട്ടെങ്കിലും അവ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കി വിശദീകരണം നൽകാനാണ് വകുപ്പ് നിർദ്ദേശം നൽകിയത്. തുടർന്ന് എനിക്കെതിരെ ഔപചാരിക അന്വേഷണം നടത്തുന്നതിന് 22-2-2025 ലെ ജി.ഒ.(ആർ.ടി) 1526/2025/പൊവിവ നമ്പർ ഉത്തരവ് പ്രകാരം നടത്തിയ ഔപചാരിക അന്വേഷണ ഓഫീസറുടെ നോട്ടീസ് പ്രകാരം ഞാൻ ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. കെ.എസ്.ആർ. ഭാഗം 3 ചട്ടം 59(ഡി) പ്രകാരം കാരണംകാണിക്കൽ നോട്ടീസ് നൽകിയശേഷം ഔപചാരിക അന്വേഷണം നടത്തുന്നതിന് അന്വേഷണ ഉദ്യോഗസ്ഥയെ നിയോഗിച്ചത് ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമല്ല.

**n)** കേരള ഹൈക്കോടതി ഡബ്ള്യു.പി.(സി)32166/2005 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിന്യായം ആധാരമാക്കി 19-8-2009 ൽ പുറപ്പെടുവിച്ച ജി.ഒ (ആർടി) 3547/2009/പൊ.വി.വ നമ്പർ ഉത്തരവിലാണ് 6 മണിക്കൂറിൽ താഴെ ജോലിഭാരമുള്ളവർ സ്പെഷ്യൽ റൂളിൽ പെട്ടത് തെറ്റാണെന്ന് ബോദ്ധ്യമായതെന്നും അത്തരം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യേണ്ടിയിരുന്നില്ലെന്നും എന്നാൽ സ്പെഷ്യൽ റൂളിലെ ജി.എഫ്.സി ജൂനിയർ എന്നതിൽ 15 മണിക്കൂറിൽ താഴെ ജോലി ഭാരമുള്ളവർ ജൂനിയർ അധ്യാപകരാണ് എന്ന ചട്ടത്തിലെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ഒഴിവുകൾ റിപ്പോർട്ടു ചെയ്തതെന്നും അന്വേഷണ ഉദ്യോഗസ്ഥയുടെ ഔപചാരിക റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 6

മണിക്കൂറിൽ താഴെ ജോലിഭാരമുള്ളവരെ ശമ്പളസ്കെയിലിൽ നിയമിച്ചതുവഴി സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ടെന്നും റിപ്പോർട്ടിൽ രേഖപ്പെടുത്തിക്കാണുന്നു.

**o)** ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെൻ്റ് സെക്ഷനിലെ ബന്ധപ്പെട്ട ക്ലാർക്ക്, സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻ്റ് തുടങ്ങിയ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഫയലിലെ കുറിപ്പിനെ ആധാരമാക്കിയാണ് അഡ്മിനിസ്ട്രേറ്റിവ് ഓഫീസറും ഫിനാൻസ് ഓഫീസറും ഡയറക്ടറും തീരുമാനങ്ങൾ അംഗീകരിക്കുന്നതെന്നും അതിനാൽ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരുടെ അജ്ഞതകൊണ്ടാണ് വീഴ്ചയുണ്ടായതെന്നുമുള്ള നിഗമനത്തിൽ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ എത്തിച്ചേർന്നതായി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**p)** ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ സമർപ്പിച്ച റിപ്പോർട്ടിൽ അഭിപ്രായം / ശിപാർശ എന്ന തലക്കെട്ടിൽ ആഴ്ചയിൽ **6** മണിക്കൂറിൽ താഴെ ജോലിഭാരമുള്ള ജി.എഫ്.സി ടീച്ചർ തസ്തികകൾ ഉൾപ്പെടെ **246** തസ്തികകൾ റിപ്പോർട്ട് ചെയ്ത് നിയമനം നടത്തിയത് സ്പെഷ്യൽ റൂളിൽ **6** മണിക്കൂറിൽ താഴെയുള്ളവരെ സംബന്ധിച്ച പരാമർശമില്ലാത്തതിനാലും **15** മണിക്കൂർ വരെ ജോലിഭാരമുള്ളവർ ജി.എഫ്.സി ജൂനിയർ എന്ന വിശദീകരണത്തിൽ ഉൾപ്പെടുന്നതുകൊണ്ടാണെന്നും എന്റെ ആരോഗ്യസ്ഥിതിയും മുതിർന്ന പൗരനെന്ന നില പരിഗണിച്ചും എന്നെ ശിക്ഷയിൽ നിന്ന് ഒഴിവാക്കുന്നത് ഉചിതമായിരിക്കുമെന്നുമാണ് അന്വേഷണ ഉദ്യോഗസ്ഥയുടെ ശിപാർശ എന്നു കാണാവുന്നതാണ്.

**q)** എന്നാൽ എന്റെ പ്രവർത്തികൊണ്ടാണ് സർക്കാരിന് കടുത്ത സാമ്പത്തിക നഷ്ടം ഉണ്ടായതെന്ന കാരണം കാണിക്കൽ നോട്ടീസിലെ രേഖപ്പെടുത്തൽ ചട്ടപ്രകാരമല്ലെന്ന് **12-3-2004** ലെ വിശേഷാൽ ചട്ടങ്ങളിലെ (എസ്.ആർ.ഒ **247/2004**) ചട്ടം **2**നു താഴെ കാറ്റഗറി **1 (10)** ന് കീഴേയുള്ള വിശദീകരണത്തിന്റെ സാമാന്യ വായനയിൽ നിന്നും **7-7-2006** ൽ ഡയറക്ടർക്ക് സർക്കാർ നൽകിയ **27086/** എസ്. സി**2/2006/**പൊ.വി.വ നമ്പർ കത്തിലെ സ്പഷ്ടീകരണത്തിൽ നിന്നും വ്യക്തമാണ്.

**r)** സർക്കാർ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ നിയമസഭയിൽ വയ്ക്കേണ്ട നിശ്ചിത സമയപരിധിക്കകം സഭയിൽ വയ്ക്കുമ്പോൾ സഭയോ സഭ ചുമതലപ്പെടു ത്തുന്ന സമിതിയോ നിർദ്ദേശിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് ചട്ടം പിന്നീട് ഭേദഗതി ചെയ്യുമ്പോൾ അപ്രകാരം ഭേദഗതി വരുത്തുന്നതിനു മുമ്പ് നിലവിലിരുന്ന വ്യവസ്ഥകൾ പ്രകാരം നടത്തിയ നടപടി സാധുവായിരിക്കുമെന്നതാണ് നിലവിലെ വ്യവസ്ഥയെന്നരിക്കെ **12-3-2004** ൽ പുറപ്പെടുവിച്ച എസ്.ആർ.ഒ **247/2004** നമ്പർ സ്പെഷ്യൽ റൂളിലുണ്ടായതും കംപട്രോളർ & ആഡിറ്റർ ജനറൽ പരാമർശിച്ചതുമായ ഒമിഷൻ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായതാണെന്നതിനാൽ **18-8-2010** ലെ ജി.ഒ (എം. എസ്)**166/2010/**പൊ.വിവ നമ്പർ ഉത്തരവ് പ്രകാരം **12-3-**

2004 മുതൽ മുൻകാല പ്രാബല്യത്തിൽ ഭേദഗതി വരുത്തിയത് ദുരുദ്ദേശപരമായ നടപടിയാണെന്നും നിലവിലെ വ്യവസ്ഥകൾ പ്രകാരം നിലനിൽക്കുന്നതല്ലെന്നുമുള്ള കാര്യം ബോദ്ധ്യപ്പെടുത്തുന്നു.

s) വൊക്കേഷണൽ ഹയർസെക്കൻ്ററി വിദ്യാഭ്യാസ വകുപ്പിലെ വിശേഷാൽ ചട്ടങ്ങളിൽ 18-8-2010 ൽ മുൻകാല പ്രാബല്യത്തോടെ ഭേദഗതി വരുത്തിയതിൽ നിന്നും വിശേഷാൽ ചട്ടങ്ങൾ ഞാൻ ദുർവ്യാഖ്യാനം ചെയ്തിട്ടില്ലെന്നും ശരിയായവിധത്തിൽ വ്യാഖ്യാനം ചെയ്താണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാണ്.

t) വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച ഇ4/3785/2004, ഇ4/7134/2008, ഇ4/10260/2011 എന്നീ ഫയലുകളിൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും പരിശോധിച്ച് തയ്യാറാക്കി വന്നിട്ടുള്ള കുറിപ്പുകൾ പരിശോധിച്ച് ശ്രേണിതല ഉദ്യോഗസഥരായ സെക്ഷൻ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫൈനാൻസ് ഓഫീസർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരെല്ലാം സർക്കാർ അംഗീകരിച്ച് പ്രസിദ്ധീകരിച്ച വിശേഷാൽ ചട്ടങ്ങൾ പരിശോധിച്ച് ബോധ്യപ്പെട്ട് അംഗീകരിച്ച് സമർപ്പിച്ച ഫയലുകളിൽ എന്റെ സേവന കാലയളവിൽ വന്ന ഫയലാണ് ഞാൻ ഒപ്പുവെച്ച് അംഗീകരിച്ച് നൽകിയിട്ടുള്ളതെന്നും അതിനാൽ കാരണം കാണിക്കൽ നോട്ടീസിൽ ആരോപിച്ചിട്ടുള്ള കുറ്റങ്ങളൊന്നും ഞാൻ വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ തസ്തിക വഹിച്ച് സർവ്വീസിൽ സേവനമനുഷ്ഠിച്ച കാലയളവിൽ ചെയ്തിട്ടില്ലെന്നും ബന്ധപ്പെട്ട രേഖകൾ/ ഫയലുകൾ പരിശോധിച്ചാൽ ബോധ്യമാവുന്നതാണ്.

u) കംട്രോളർ & ആഡിറ്റർ ജനറലിന്റെ ഡ്രാഫ്റ്റ് പാരായിൽ സ്പെഷ്യൽ റൂൾസ് അന്തിമമാക്കിയതിൽ വീഴ്ച ഉണ്ടായത് സർക്കാരിനാണെന്ന് വ്യക്തമാണെന്നിരിക്കെ എന്നെ ബലിയാടാക്കി എനിക്കെതിരെ നടപടി സ്വീകരിക്കുന്നത് സാമാന്യ നീതിയുടെ നിഷേധമാണ്. അത് നിയമപരമായിനിലനിൽക്കുന്നതല്ല. ആകയാൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും 26-8-2025 ൽ നൽകിയിട്ടുള്ള ഡിഎ1/5/2023/പൊവിവ നമ്പർ കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം മുൻ ഖണ്ഡികകളിലെ വിശദീകരണത്തിന്റെയും ഹാജരാക്കിയിട്ടുള്ള രേഖകളുടെയും വെളിച്ചത്തിൽ പുനഃപരിശോധിച്ച് എന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ട് എനിക്കെതിരെയുള്ള നടപടിയിൽ നിന്നും എന്നെ വിമുക്തനാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ii). പൊതുവിദ്യാഭ്യാസ ഡയറക്ടർ

അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ തന്നെയാണ് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായമായി അറിയിച്ചിരിക്കുന്നത് .

7)മേൽ വിഷയം നിലവിലുള്ള ചട്ടങ്ങൾ, ശ്രീ മോഹൻ ഏബ്രഹാമിന്റെ വാദങ്ങൾ, ബന്ധപ്പെട്ട രേഖകൾ, അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു.

8)VHSE സർക്കാർ മേഖലയിൽ 2004 ൽ സ്പെഷൽ റൂൾ പ്രാബല്യത്തിൽ വന്നതിന് ശേഷം വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം ഡയറക്ടർ ചട്ടം തെറ്റായി വ്യാഖ്യാനിക്കുകയും ആഴ്ചയിൽ ആറ് മണിക്കൂറിന് താഴെ മാത്രം ജോലിഭാരമുള്ള അധ്യാപക തസ്തികകളെ "Subordinate Service"-ലുൾപ്പെടുത്തി, സ്ഥിര നിയമനത്തിനുള്ള ശമ്പള സ്കെയിലോടെ എല്ലാ ഒഴിവുകളും കേരള പബ്ലിക് സർവീസ് കമ്മീഷൻ (KPSC) റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഒഴിവുകളുടെ സ്ഥിതി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പി.എസ്.സി. (PSC) ജി.എഫ്.സി. (GFC) അധ്യാപക തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുകയും, ഡയറക്ടർ അവരെ വിവിധ സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിയമിക്കുകയും ചെയ്തു. അതിനാൽ, 150 General Foundation Course Teachers-നെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (KPSC) മുഖേന തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിൽ നിയമിക്കുകയും, അവർ ഏകീകൃത വേതനത്തിന് (consolidated pay) പകരം ശമ്പള സ്കെയിലിന്റെ (scale of pay) ആനുകൂല്യം അനുഭവിക്കുകയും ചെയ്യുന്നു.

9)Vocational Teacher, Non-Vocational Teacher, Vocational Instructor, Laboratory Technical Assistant എന്നീ തസ്തികകളിലേക്കുള്ള നിയമനാധികാരി ഡയറക്ടറാണ്. ബന്ധപ്പെട്ട തസ്തികകളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഡയറക്ടറുടെ കൈവശം മാത്രമാണ് ലഭ്യമായിരുന്നത്. 2004-ൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത സമയത്ത്, ചട്ടത്തിന്റെ തെറ്റായ വ്യാഖ്യാനം മൂലം ശമ്പള സ്കെയിൽ അനുവദിക്കപ്പെട്ട കാര്യം സർക്കാരിനോ കേരള പബ്ലിക് സർവീസ് കമ്മീഷനോ അറിയാമായിരുന്നില്ല. സ്ഥിരനിയമനം നടത്തുന്നതുവരെ ഇത്തരം അധ്യാപകരെ ഏകീകൃത വേതനത്തിൽ (consolidated pay) നിയമിക്കുന്ന രീതിയാണ് നിലവിലുണ്ടായിരുന്നത്.

10)3/2001 മുതൽ വൊക്കേഷണൽ ഡയറക്ടർ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ മോഹൻ ഏബ്രാമിന് GFC ടീച്ചർമാർമാർ ഏകീകൃത വേതനത്തിലാണ് സേവനത്തിൽ തുടർന്നു വരുന്നതെന്ന് അറിയാമായിരുന്നില്ല എന്നത് ഒട്ടും വിശ്വസനീയമല്ല. കൂടാതെ 12/03/2004 പ്രാബല്യത്തിൽ സ്പെഷൽ റൂൾ ഉത്തരവ് വന്നതിന് ശേഷം 19 ദിവസത്തിനുള്ളിൽ 31/03/2004 പ്രാബല്യത്തിൽ 246 GFC ടീച്ചർമാരുടെ ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്യുക വഴി ഡയറക്ടർ ഈ വിഷയത്തിൽ അമിത തിടുക്കം കാണിച്ചതായി കാണുന്നു.

11)ചട്ടങ്ങൾ രൂപീകരിക്കാനുള്ള അധികാരം സർക്കാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അതുപോലെ, ചട്ടങ്ങൾ വ്യാഖ്യാനിക്കാനുള്ള

അധികാരവും സർക്കാരിനാണ്. അതിനാൽ, ഇത്തരമൊരു തീരുമാനം എടുക്കുന്നതിന് മുമ്പ്, ഡയറക്ടർ വിഷയത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനായി സർക്കാരിനെ സമീപിക്കേണ്ടതായിരുന്നു. എന്നാൽ അത്തരം യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയത്തിൽ ഇത്തരമൊരു തീരുമാനം എടുക്കാൻ ഡയറക്ടർക്ക് അധികാരമില്ലായിരുന്നു. അതിനാൽ, ഡയറക്ടറുടെ ഈ വ്യാഖ്യാനം സംശയാസ്പദമായ ഒരു സാഹചര്യം സൃഷ്ടിക്കുകയുണ്ടായി.

**12)2004-ൽ** ഒഴിവുകൾ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും, **22.05.2008**-ലാണ് നിയമന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. **05/08/2005**-ലെ സർക്കാർ ഉത്തരവ് **(GO(Rt)No4388/2005/GE)** പ്രകാരം ഇതുസംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തിയിരുന്നതാണ്. അതിനാൽ, ഡയറക്ടർ സ്വീകരിച്ച നിലപാട് പുനഃപരിശോധിക്കാനുള്ള അവസരം ഉണ്ടായിരുന്നതാണ്. എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സർക്കാരുമായോ കേരള പബ്ലിക് സർവീസ് കമ്മീഷനുമായോ ആലോചിച്ച് ഇത്തരത്തിലുള്ള നിയമനങ്ങൾ തടയുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചില്ല.

**13) 23/06/2007** ലെ സ.ഉ(എം.എസ്) നം **124/07**/പൊ.വി.വ ഉത്തരവ് പ്രകാരം **VHSE** സർക്കാർ മേഖലയിൽ **2004** ൽ നടപ്പാക്കിയ സ്പെഷൽ റൂൾ ആനുകൂല്യങ്ങൾ എയ്ഡഡ് മേഖലക്ക് കൂടി ബാധകമാക്കി ഉത്തരാവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആഴ്ചയിൽ **4** മണിക്കൂറിന് താഴെ മാത്രം **work load** ഉള്ള **aided GFC** ടീച്ചേഴ്സിന് **pay scale** അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനക്കായി വന്നപ്പോൾ മാത്രമാണ് സർക്കാർ മേഖലയിലുള്ള **GFC** ടീച്ചർമാർക്ക് **Pay Scale** അനുവദിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ വരുന്നത്.

**14)** കാരണം കാണിക്കൽ നോട്ടീസിന് **9-7-2012** ൽ ടിയാൻ സമർപ്പിച്ച മറുപടിയിൽ **VHSE** വകുപ്പ് ആരംഭിച്ച കാലത്ത് നിയമനങ്ങൾ താത്കാലികമായും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലുമായിരുന്നു എന്നും, സ്ഥിരനിയമനങ്ങൾ നടത്തുന്നതിനായി **2004**-ൽ പ്രത്യേക സർവീസ് ചട്ടങ്ങൾ രൂപീകരിച്ചുവെന്നും പ്രസ്തുത പ്രത്യേക ചട്ടങ്ങളിൽ ആഴ്ചയിൽ ആറു മണിക്കൂറിൽ താഴെ ജോലി ചെയ്യുന്ന **GFC** അധ്യാപകരെ സ്ഥിര സ്റ്റാഫായി പരിഗണിക്കരുതെന്ന് വ്യക്തമാക്കിയിരുന്നില്ലെന്നും, പിന്നീട് സർക്കാർ തന്നെ ഈ കുറവ് പരിഹരിക്കാൻ ചട്ടങ്ങൾ പിൻനോട്ട പ്രാബല്യത്തോടെ ഭേദഗതി ചെയ്തുവെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. അതിനാൽ അന്നത്തെ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ചാണ് ശമ്പള സ്കെയിൽ അനുവദിച്ചതെന്നും, അത് വ്യക്തിപരമായ തെറ്റായ നടപടിയല്ലെന്നും വാദിക്കുന്നു.

**15)** **PSC** നിയമന നടപടികൾ, നിയമന ഉത്തരവുകൾ, ശമ്പള

വിതരണം എന്നിവ ഒറ്റയാൾ തീരുമാനമല്ലെന്നും വിവിധ അധികാരികൾ ചേർന്നാണ് നടപടികൾ പൂർത്തിയാക്കിയതെന്നും അധികമായി ശമ്പളം നൽകിയിട്ടുണ്ടെങ്കിൽ അത് ഗുണഭോക്താക്കളിൽ നിന്ന് സർക്കാർ തിരികെ ഈടാക്കാമെന്നും, അതിന് വ്യക്തിപരമായി തന്നെ ഉത്തരവാദിയാക്കുന്നത് നീതിയല്ലെന്നും വാദിക്കുന്നു. **GFC** അധ്യാപകരെയും **Non-Vocational Teacher (Junior)** തസ്തികയെയും വ്യക്തമായി വേർതിരിച്ചിരുന്നില്ലെന്നും, സർക്കാർ പിന്നീട് ഭേദഗതി വരുത്തിയത് ചട്ടത്തിലെ അസ്പഷ്ടത കൊണ്ടാണെന്നും കൂടാതെ, സർക്കാർ തന്നെ **2009**-ൽ നൽകിയ വിശദീകരണത്തിൽ **GFC** അധ്യാപകർക്ക് **12.03.2004** മുതൽ ശമ്പള സ്കെയിലിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിരുന്നുവെന്നും അദ്ദേഹം ആയതിൽ വിശദീകരിച്ചിരുന്നു.

**16) 04/07/2022** ലെ സ.ഉ(അച്ചടി) നം **82/2022**/ധന ഉത്തരവ് കണ്ടാലും . ടി ഉത്തരവിലെ ഖണ്ഡിക **viii** അനുസരിച്ച് ചട്ടം **59 (d)**പ്രകാരമുള്ള അച്ചടക്ക നടപടിക്ക് ഔപചാരിക അന്വേഷണം വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഈ വിഷയത്തിൽ അന്വേഷണം നടത്തുവാൻ **G.O(Rt) 1526/2025/GEDN dated 22/02/2025** പ്രകാരം **VHSE** സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ (ജോയിൻറ് സെക്രട്ടറി ടു ഗവൺമെൻറ്) നെ ചുമതലപ്പെടുത്തി ഉത്തരവായത്.

**17) 12.03.2004** ലെ സ്പെഷ്യൽ റൂൾസ് പ്രകാരം **" Non Vocational Teacher (Junior) means post having workload below 15 hours per week per subject."** എന്ന് വിശദീകരണം നൽകിയിരുന്നു. ആയത് പ്രകാരം **15** മണിക്കൂറിൽ താഴെ ജോലിഭാരമുള്ള അദ്ധ്യാപകരെ **NVT junior** ആയി തിരിച്ചിട്ടുണ്ട് എന്നും, **2** കോഴ്സുകൾ ഉള്ള സ്കൂളുകളിലെ **NVT** അദ്ധ്യാപകരും, **GFC** ടീച്ചേഴ്സും ഈ കാറ്റഗറിയിൽ ആണ് വരുന്നത് എന്നും **3785/E4/2004** നം. ഫയലിലെ കുറിപ്പിൽ രേഖപ്പെടുത്തിക്കാണുന്നു. തുടർന്ന് **NVT junior** തസ്തികകൾ വിശദീകരിക്കുന്ന ഭാഗത്ത് **GFC 247** തസ്തികകളും ഉൾപ്പെടുത്തി, പ്രസ്തുത **GFC** തസ്തികകൾ ഉൾപ്പെടെയുള്ള ജൂനിയർ തസ്തികകൾ **PSC** യ്ക്ക് റിപ്പോർട്ട് ചെയ്യാം എന്ന് എഴുതി നൽകിയ കുറിപ്പ് അംഗീകരിച്ച് ഡയറക്ടർ ശ്രീ.മോഹൻ എബ്രഹാം ഒപ്പ് രേഖപ്പെടുത്തിയതിനെ തുടർന്ന് ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നു എന്നുമാണ് അന്വേഷണ ഉദ്യോഗസ്ഥ കണ്ടെത്തിയിട്ടുള്ളത്. ഉദ്യോഗസ്ഥർ നൽകിയ തെറ്റായ വ്യാഖ്യാനം ഡയറക്ടർ യാതൊരു പരിശോധനയും കൂടാതെ അതേപടി അംഗീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. ആയതിൽ ഡയറക്ടർ തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടുള്ളതാണ്.

**18) 12.03.2004**-ലെ **81/2004**/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്പെഷ്യൽ റൂൾസിൽ നാലാം ചട്ടത്തിന് ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ **Non-Vocatonal Teacher(Jr)** എന്ന ശീർഷകത്തിൽ കാറ്റഗറി നമ്പർ ( **1 0** ) ആയി ജനറൽ ഫൗണ്ടേഷൻ കോഴ്സ്

ഉൾപ്പെടുത്തിയിട്ടുണ്ട്. **Non-Vocational Teacher (Jr)** എന്നാൽ ആഴ്ചയിൽ **15** പീരീഡിനു താഴെ ജോലി ഭാരമുള്ള തസ്തിക എന്ന് വിശദീകണവും നൽകിയിട്ടുണ്ട്. എന്നാൽ ആഴ്ചയിൽ **6** മണിക്കൂറിൽ താഴെ മാത്രം അദ്ധ്യാപനം നടത്തുന്ന ജനറൽ ഫൗണ്ടേഷൻ കോഴ്സ് അദ്ധ്യാപകരെ സംബന്ധിച്ച് **26.09.1995**-ലെ **460/95**/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമായി പരാമർശിച്ചിരുന്നുവെങ്കിലും **2004**-ൽ പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾസിൽ പ്രത്യേക പരാമർശം നടത്തിയിരുന്നില്ല. പ്രസ്തുത ഉത്തരവ് തെറ്റായി വ്യഖ്യാനിച്ചാണ് **6** മണിക്കൂറിൽ താഴെ ജോലിഭാരമുള്ള ജി.എഫ്.റ്റി ടീച്ചർമാരെക്കൂടി ഉൾപ്പെടുത്തി ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

**19)** ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ നിയമാനുസൃതമുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയാണ് **K P S C** നിയമനം നടത്തിയിട്ടുള്ളതെന്നും ആയതിനാൽ കുറ്റാരോപിതനായ ഉദ്യോഗസ്ഥന് പ്രസ്തുത നിയമനത്തിൽ സാമ്പത്തിക ലാഭമോ മറ്റ് സ്വകാര്യ താല്പര്യങ്ങളോ ഉള്ളതായി കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നും കുറ്റാരോപിതനായ ഉദ്യോഗസ്ഥന്റെ പ്രവർത്തി മുഖാന്തിരം സർക്കാരിന് **1.86** കോടി രൂപ നഷ്ടമായി എന്ന ആരോപണം തെളിയ്ക്കുന്നതിന് മതിയായ രേഖകൾ സമർപ്പിച്ചിട്ടില്ല എന്നുമുള്ള റിപ്പോർട്ട് സ്വീകരിച്ചാണ് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് വിജിലൻസ് കേസിലെ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളത് .

**20)** ക്രിമിനൽ കേസിൽ പ്രതിയെ വെറുതെ വിട്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് അച്ചടക്ക നടപടിയെ യാതൊരു തരത്തിലും ബാധിക്കുകയില്ലയെന്ന് ബഹു സുപ്രീം കോടതി **Maharashtra State Road Transport Corporation Versus Dilip Uttam Jayabhay(CIVIL APPEAL NO.7403 OF 2021)** കേസിലെ **03/01/2022** തീയതിയിലെ വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാലാണ് ടിയാനെതിരെ അച്ചടക്ക നടപടി തുടർന്നിട്ടുള്ളത്.

**21) 6** മണിക്കൂറിൽ താഴെ ജോലിഭാരമുള്ള **GFC** കോഴ്സ് ഉള്ള സ്കൂളുകളിൽ ശമ്പള സ്കെയിലിൽ ജൂനിയർ ടീച്ചർമാരെ നിയമിച്ചതു വഴി സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടായതായി **2010** മാർച്ച് **31** ന് അവസാനിച്ച സാമ്പത്തിക വർഷത്തെ **C&AG** റിപ്പോർട്ടിൽ കണ്ടെത്തിയിരുന്നു. പ്രസ്തുത സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിന് **VHSE** ഡയറക്ടർ ഉത്തരവാദിയാണ്. തെറ്റായി ഒഴിവ് റിപ്പോർട്ട് ചെയ്തതുമായി ബന്ധപ്പെട്ട പ്രസ്തുത ഫയൽ കൈകാര്യം ചെയ്ത എല്ലാ ജീവനക്കാർക്കും ആയതിന് ഉത്തരവാദിത്വമുണ്ട്. കൂടാതെ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ട് പ്രകാരവും **6** മണിക്കൂറിൽ താഴെ ജോലിഭാരമുള്ള **GFC** കോഴ്സ് ഉള്ള സ്കൂളുകളിൽ ശമ്പള സ്കെയിലിൽ **junior** ടീച്ചർമാരെ നിയമിച്ചതു വഴി സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായി വ്യക്തമാണ്.

22) എന്നാൽ സർക്കാർ ഉത്തരവിൽ വ്യക്തതയില്ലാത്ത പക്ഷം ആയതിന് സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടാതെ 12/03/2004 പ്രാബല്യത്തിൽ സ്പെഷൽ റൂൾ ഉത്തരവ് വന്നതിന് ശേഷം 19 ദിവസത്തിനുള്ളിൽ 31/03/2004 പ്രാബല്യത്തിൽ 246 GFC ടീച്ചർമാരുടെ ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്ത നടപടി അധികാര ദുർ വിനിയോഗമായി കാണാവുന്നതാണ്. ഡയറക്ടർ പോലെയുള്ള ഉന്നത പദവി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ സർക്കാരിന് ഇത്രയധികം സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന വിഷയം അലക്ഷ്യമായി കൈകാര്യം ചെയ്ത നടപടി അംഗീകരിക്കത്തക്കതല്ല. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഈ വിഷയത്തിൽ ശ്രീ മോഹൻ ഏബ്രഹാമിൽ നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമാണ്.

23) മേൽ പ്രകാരം പരിശോധിക്കുമ്പോൾ ശ്രീ മോഹൻ എബ്രഹാമിന്റെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുള്ളത് വ്യക്തമാണെങ്കിലും ആയത് ടിയാൻ മനഃപൂർവ്വം വരുത്തിയ വീഴ്ച അല്ല എന്നും ജാഗ്രതക്കുറവ് മൂലം ഉണ്ടായതാണെന്നും ബോധ്യപ്പെടുന്നു.

24) മേൽ സാഹചര്യത്തിൽ വി.എച്ച്.എസ്.ഇ. മുൻ ഡയറക്ടർ ശ്രീ.മോഹൻ ഏബ്രഹാമിനെതിരെ കെ.എസ്.ആർ. പാർട്ട് III ചട്ടം 59(d) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്ന് 1000 രൂപ വീതം കുറവുചെയ്യാനെടുത്ത താൽക്കാലിക തീരുമാനം ഈ വിഷയത്തിലെ കാലതാമസം കൂടി കണക്കിലെടുത്ത് ഇളവ് ചെയ്ത് ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ സ്ഥിരമായി കുറവ് ചെയ്യുന്നതിനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം, തിരുവനന്തപുരം
2. ശ്രീ മോഹൻ എബ്രഹാം, വി.എച്ച്.എസ്.ഇ. മുൻ ഡയറക്ടർ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
4. ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 01-07-2026 13:14:25
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതു വിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്